# മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

## സോഷ്യൽ ഓഡിറ്റ് റിപ്പോർട്ട്

**തൃശ്ശൂർ ജില്ല**
**പുഴയ്ക്കൽ ബ്ലോക്ക്**
**തോളൂർ പഞ്ചായത്ത്**
**വാർഡ 5 ഷാരിയേക്കൽ**

**മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം സോഷ്യൽ ഓഡിറ്റ് സൊസൈറ്റി കേരള (MGNSASK) 2018-19**

**ആമുഖം**

ഇന്ത്യയിൽ സാധാരണക്കാരായ ജനങ്ങളുടെ തൊഴിൽ ചെയ്യുവാനുള്ള അവകാശത്തെ സംരക്ഷിച്ചു നിലനിര്ത്തുന്നതിനായ് 2005 സെപ്റ്റംബര് ആറാം തീയതി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം നിലവിൽ വന്നു. അവിദഗ്ദ കായിക തൊഴിലിൽ ഏർപ്പെടാൻ സന്നദ്ധതയുള്ള ഗ്രാമപ്രദേശങ്ങളിൽ അധിവസിക്കുന്ന ഏതൊരു കുടുംബത്തിനും ഒരു സാമ്പത്തിക വർഷം 100 ദിവസത്തിൽ കുറയാതെ തൊഴിൽ ഉറപ്പാക്കുന്നതോടൊപ്പം ഗുണമേന്മയുള്ളതും സ്ഥയിയയിട്ടുള്ളതും ഉൽപാദനക്ഷമവുമായ ആസ്തികളുടെ സൃഷ്ടിയാണ് ഈ പദ്ധതിയുടെ മുഖ്യ ലക്ഷ്യം. ദരിദ്രരുടെ ഉപജീവനവും ആയി ബന്ധപ്പെട്ട വിഭവാടിത്തറ ശക്തിപ്പെടുത്തുകയും സാമൂഹികമായി പിന്നോക്കം നില്ക്കുന്ന എല്ലാ കുടുംബങ്ങളെയും പദ്ധതിയിൽ ഉൾപ്പെടുത്തുകയും പഞ്ചായത്തി രാജ് സ്ഥാപനങ്ങളെ ശക്തിപ്പെടുത്തുക എന്നതും ഇതിൻെറ ലക്ഷ്യമാണ്.

**സവിശേഷതകൾ**

- നിയമത്തിന്റെ പിൻബലമുള്ള അവകാശാധിഷ്ഠിത പദ്ധതി.
- ഗ്രാമ പഞ്ചായത്ത് പ്രദേശത്തു താമസിക്കുന്ന 18 വയസസ് പൂർത്തിയായ ഏതൊരാൾക്കും പദ്ധതിയിൽ പങ്കാളിയാകാം.
- സ്ത്രീക്കും പുരുഷനും തുല്യ വേതനം.
- പരിസ്ഥിതി സംരക്ഷണം കാർഷിക മേഖലയിലെ അടിസ്ഥാന സൗകര്യ വികസനം എന്നിവയ്ക്ക് മുന്ഗണന.
- തൊഴിലാളികൾ തന്നെ പ്രവൃത്തികൾ കണ്ടെത്തുകയും ആസൂത്രണത്തെ സഹായിക്കുകയും ചെയ്യുന്നു.
- ആസൂത്രണത്തി ലും നിർവഹണത്തിലും തികഞ്ഞ സുതാര്യത.
- കരാറുകാരോ ഇടനിലക്കാരോ ഇല്ല.
- പൊതുജന പങ്കാളിത്തത്തോടെ ലേബർ ബജറ്റ്.
- ബാങ്ക്, പോസ്റ്റ് ഓഫീസ് വഴി മാത്രം വേതന വിതരണം.
- സ്ത്രീകൾക്ക് മുൻഗണന.
- കമ്പ്യൂട്ടർ ശൃംഖല വഴിയുള്ള മോണിറ്ററിംഗ് സംവിധാനം.
- ഗ്രാമസഭ പദ്ധതി ഓഡിറ്റ് ചെയ്യുന്നു.

ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം ഗ്രാമ പഞ്ചായത്ത് പ്രദേശത്തു നടപ്പിലാക്കുന്ന എല്ലാ പ്രവൃത്തികളും സോഷ്യൽ ഓഡിറ്റ്നു വിധേയമാക്കണമെന്നു 17(2) വകുപ്പ് നിഷ്കർഷിക്കുന്നു. പദ്ധതി പ്രവർത്തനത്തെ പറ്റിയും പോതുധനം ചിലവഴിക്കുന്നതിനെ പറ്റിയും പൗരസമൂഹം നടത്തുന്ന പരസ്യവും സ്വതന്ത്രവും ആയ പരിശോധനയുമാണ് സോഷ്യൽ ഓഡിറ്റ് അഥവാ സാമൂഹ്യ പരിസോധന.തൊഴിലുറപ്പ് നിയമ പ്രകാരം വര്ഷത്തില് രണ്ട് പ്രാവിശ്യം സോഷ്യല് ഓഡിറ്റ് ഗ്രാമസഭകള് എല്ലാ വാര്ഡിലും കൃത്യമായി നടത്തേണ്ടതാണ്.

സോഷ്യൽ ഓഡിറ്റിലൂടെ അഴിമതി ഇല്ലാതാക്കുന്നതിനും സുതാര്യത ഉറപ്പു വരുത്തുന്നതിനും കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനും സദ്ഭരണം ഉറപ്പാക്കുന്നതിനും കഴിയുന്നു. പദ്ധതി പണം ശെരിയായ രീതിയിൽ ചിലവഴിച്ചിട്ടുണ്ടോ എന്നും ഈ പണം ചിലവഴിച്ചതുകൊണ്ട് പദ്ധതിയുടെ ലക്ഷ്യം കൈവരിചിട്ടുണ്ടോ എന്നും പദ്ധതിയുടെ ഗുണഭോക്താക്കളുടെ ജീവിതത്തില് ഗുണകരമായും അതുമൂലം കാര്യമായ മാറ്റം ഉണ്ടായിട്ടുണ്ടോ എന്നും സോഷ്യൽ ഓഡിറ്റ് പ്രക്രിയക്ക് കണ്ടെത്താൻ കഴിയുന്നു.

## സോഷ്യൽ ഓഡിറ്റ് രീതിശാസ്ത്രം

പുഴക്കല് ബ്ലോക്കിലെ തോളൂർ പഞ്ചായത്തിലെ വാർഡ് 11 ആയ നാഗത്താൻകാവിൽ ഒക്ടോബർ 1, 2018 മുതൽ മാർച്ച് 31, 2019 വരെയുള്ള കാലഘട്ടത്തില് നടപ്പിലാക്കിയ പദ്ധതികളാണു ഓഡിറ്റ്നു വിധേയമാക്കിയത്. സോഷ്യൽ ഓഡിറ്റ് റിസോഴ്സ് സംഘം പ്രവൃത്തി ഫയല് പരിശോധന, ഫീൽഡ് സന്ദർശനം, തൊഴിലാളികൾ ആയുള്ള അഭിമുഖം , എം ഐ എസ് പരിശോധന എന്നിവയെ അടിസ്ഥാനമാക്കിയാണ് സോഷ്യൽ ഓഡിറ്റ് റിപ്പോർട്ട് തയ്യാറാക്കിയിട്ടുള്ളത്.

## തൊഴിലാളികളുടെ അവകാശങ്ങൾ

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി വിഭാവനം ചെയ്യുന്നത് എന്തൊക്കെ എന്നും കാര്യക്ഷമമായും ഫലപ്രദമായും ഈ പദ്ധതി എങ്ങനെ നടപ്പിലാക്കാമെന്നും ഗ്രാമപഞ്ചായത്തിനെയും തൊഴിലാളികളേയും ഗ്രാമസഭ അംഗങ്ങളെയും ബോധ്യപ്പെടുതുന്നതിനു വേണ്ടിയാണു ഈ സോഷ്യല് ഓഡിറ്റ് . തൊഴിലാളികള്ക്ക് 10 അവകാശങ്ങള് പ്രധാനം ചെയ്യുന്നു . അത് ഏതൊക്കെ എന്ന് ചുവടെ ചേര്ക്കുന്നു .

### 1.തൊഴിൽ കാർഡ് ലഭിക്കു ന്നതിനുള്ള അവകാശം (Schedule 2 Para 1 )

തൊഴിലുറപ്പു നിയമം (**Schedule 2 Para 1**) അനുസരിച്ച് 18 വയസ്സ് പൂർത്തിയായ ഏതൊരാളും തൊഴിൽ കാർഡിന് അപേക്ഷിച്ചാല് 15 ദിവസത്തിനുള്ളില് ഫോട്ടോ പതിച്ച തൊഴിൽ കാർഡ് സർക്കാർ ചെലവിൽ ലഭിക്കാനുള്ള അവകാശമാണ് നിയമം നൽകുന്നത്. തൊഴിൽ കാർഡിന് പഞ്ചായത്തിൽ അപേക്ഷ സമർപ്പിച്ചാല് ഉചിതമായ അന്വേഷണം നടത്തി 15 ദിവസത്തിനകം കാർഡ് നല്കേണ്ടതാണ്. തൊഴിൽ കാർഡ് കയ്യില് സൂക്ഷിക്കേണ്ടത് തൊഴിലാളിയാണ്. ഏതെങ്കിലും കാര്യങ്ങള് എഴുതി ചേർക്കുന്നതിനായി പഞ്ചായത്തില് ഏല്പിച്ചാല് എത്രയും വേഗം തിരിച്ചു നൽകേണ്ടതാണ്. വ്യക്തമായ കാരണം കൂടാതെ തൊഴില് കാര്ഡ് പഞ്ചായത്തില് സൂക്ഷിക്കുക ആണെങ്കില് സെക്ഷന് 25 പ്രകാരം ശിക്ഷ ലഭിക്കാവുന്ന കുറ്റമാണ് . demand, work allocation, ചെയ്ത പ്രവൃത്തി, ഹാജര്, മസ്റ്റര് റോള് നമ്പര് , വേതന സംബന്ധമായ വിവരങ്ങള് തുടങ്ങിയവ തൊഴില് കാര്ഡില് ഉണ്ടാവേണ്ടതാണ് . തൊഴില് കാര്ഡ് എടുക്കുന്നതിനുള്ള ചെലവ് ഫോട്ടോ ഉള്പ്പെടെ 6 % administrative ഫണ്ടില് നിന്നും എടുക്കേണ്ടതാണ്. പഞ്ചായത്തില് നിന്നും സ്ഥിരമായി താമസം മാറി പോവുകയോ ,മരണപ്പെടുകയോ ഹാജര് ആക്കിയ രേഖകള് കൃത്യമാണെന്ന് തെളിയിക്കുകയോ ചെയ്താല് മാത്രമേ തൊഴില് കാര്ഡ് ക്യാന്സല് /ഡിലീറ്റ് ചെയ്യാന് പാടുള്ളൂ.

273 തൊഴിൽ കാർഡുകളാണ് ഈ വാർഡിൽ രജിസ്റ്റർ ചെയ്തിരിക്കുന്നത്.

ഇതിൽ 65 കാർഡുകൾ മാത്രമാണ് വാർഡിൽഉള്ളത്

**.2. തൊഴിൽ ആവശ്യപ്പെടാനും 15 ദിവസത്തിനുള്ളില് ലഭിക്കാനുള്ള അവകാശം. (Schedule 1 Para 11)**

തൊഴിൽ ദിനങ്ങൾ ആവിശ്യപ്പെടാനും തീയതി വച്ച രസീത് കൈപറ്റുവാനും 15 ദിവസത്തിനുള്ളിൽ തൊഴിൽ ലഭിക്കുവാനും ഉള്ള അവകാശം നിയമം അനുശാസിക്കുന്നു . തൊഴിൽ കാർഡിൽ പേരുള്ള ഏതൊരു അംഗത്തിനും അവിദഗ്ദ കായിക തൊഴിലി നായി ആവിശ്യപ്പെടവുന്നതാണ്. ഇത്തരം അപേക്ഷ രജിസ്റ്റർചെയ്യേണ്ടതും തീയതി വച്ച രസീതി നല്കേണ്ടതും ആണ്. തീയതി വച്ചുള്ള രസീതി തൊഴിലാളികൾക്ക് നല്കുന്നതിനുള്ള ഏർപ്പാട് ചെയ്യുന്നില്ല എങ്കിൽ തൊഴിലുറപ്പ് നിയമത്തിലെ സെക്ഷന് 25 അനുസരിച്ചുള്ള ശിക്ഷ ലഭിക്കാവുന്ന കുറ്റമാണ്.

**3 തൊഴിലില്ലായ്മ വേതനം ലഭിക്കാനുള്ള അവകാശം. (Section 7(1) )**

തൊഴിൽ ആവിശ്യപെട്ടു 15 ദിവസത്തിനകം തൊഴിൽ ലഭിച്ചിലെങ്കിൽ ആദ്യത്തെ 30 ദിവസം വേതനത്തിന് നാലിലൊന്നും തുടർന്ന് 100 ദിവസം വരെ വേതനത്തിന്റെ പകുതിയും ലഭിക്കാൻ അവകാശമുണ്ട് .

**4 പ്രവൃത്തികൾ കണ്ടെത്തി നല്കാനുള്ള അവകാശം . (Schedule 1 Para 9 )**

ഓരോ തൊഴിലാളിക്കും തൊഴിലുറപ്പ് പദ്ധതി പ്രകാരം തങ്ങളുടെ വാർഡിൽ ഏറ്റെടുത്തു നടപ്പിലാക്കേണ്ട പ്രവൃത്തികൾ (നാല് വിഭാഗങ്ങളിലായി 260 എണ്ണം - അനുബന്ധം കാണുക) കണ്ടെത്തി നൽകുവാനുള്ള അവകാശം. സെക്ഷന് 16 (1) പ്രകാരം

ഗ്രാമസഭ / വാർഡ് സഭയിൽ വരുന്ന നിർദേശളും ഉൾപ്പെടുതികൊണ്ടുള്ള ഷെല്ഫ് ഓഫ് പ്രൊജക്റ്റ് തയ്യാറാകേണ്ട ഉത്തരവാദിത്തം ഗ്രാമപഞ്ചായത്തിനാണ്.

5. **അഞ്ചു കിലോമീറ്റർ ചുറ്റളവിൽ ലഭിക്കാനുള്ള അവകാശം(Schedule 2 Para 18 )**
തൊഴിലാളിയുടെ താമസ സ്ഥലത്ത് നിന്ന് 5 കിലോമീറ്റര് ചുറ്റളവില് അല്ല തൊഴില് ലഭിക്കുനത് എങ്കില് വേതനത്തിന്റെ 10 ശതമാനം കൂടി അധിക വേതനം ലഭിക്കുനതിനുള്ള അവകാശം.
**(Schedule 2 Para 20 )**

**6.പണി സ്ഥലത്തെ അടിസ്ഥാന സൗകര്യങ്ങൾക്കുള്ള അവകാശം(Schedule 2 Para 23 )**

പട്ടിക 2 ഭാഗം43 23 പ്രകാരം പ്രവർത്തി സഥലത്തു കുടിവെള്ളം, തണൽ , അടിയന്തിര ചികിത്സക്കുതകുന്ന പ്രഥമശുശ്രുഷ കിറ്റുകൾ, 5 വയസ്സിൽ താഴെയുള്ള കുട്ടികൾക്ക് ആയയുടെ സൗകര്യം എന്നിങ്ങനെ നിയമം അനുശാസിക്കുന്നു. കൂടാതെ തൊഴില് സ്ഥലത്ത് ഉണ്ടാകുന്ന അപകടത്തിന്റെ ചികിത്സ ചിലവും ലഭികുന്നതിനുള്ള അവകാശം ഉണ്ട്.

**7.കൂലി ലഭിക്കാനും 15 ദിവസതിനുള്ളിൽ തന്നെ അത് ലഭിക്കാനും ഉള്ള അവകാശം(Schedule 2 para 29)**

സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള കൂലി 15 ദിവസതിനുള്ളിൽ ലഭിക്കുവാന് ഉള്ള അവകാശം. വേതനം 15 ദിവസത്തിനുള്ളിൽ ലഭിക്കുന്നില്ല എന്ന് പരിശോധനയിൽ വ്യക്തമായി.

നിയമം അനുസരിച്ചു 15 ദിവസതിനുള്ളിൽ കൂലി ലഭിച്ചില്ല എങ്കിൽ വേതനത്തിന്റെ 0.05% നഷ്ടപരിഹാരത്തിന് അർഹത ഉണ്ട്.

കൂലി കിട്ടുന്നതിനു മാസങ്ങളോളം കാലതാമസം നേരിടുന്നതായി കണ്ടെത്തി.

### 8. വേതനവിതരണത്തിലെ കാലതാമസത്തിന് നഷ്ടപരിഹാരം ലഭിക്കാനുള്ള അവകാശം

അവസാന പ്രവൃത്തി ദിവസത്തിന്റെ 15 ആം ദിവസത്തിനുള്ളിൽ വേതനം ലഭിച്ചില്ലെങ്കിൽ വേതനത്തിന്റെ 0.05% അധിക വേതനം ലഭിക്കാനുള്ള അവകാശം.

### 9. സമയബന്ധിതമായ പ്രശ്നപരിഹാരത്തിനുള്ള അവകാശം.

സെക്ഷന് 19 അനുസരിച്ച് 5 ദിവത്തിനകം പരാതി പരിഹരിക്കുകയും ഏഴുദിവസത്തിനുള്ളിൽ പരാതിക്കാരനു അത് അറിയിക്കുവാനും ഉള്ള അവകാശം.

പരാതി രജിസ്റ്റർ, ടോള് ഫ്രീ നമ്പർ എന്നിവ വഴിയായി പരാതികൾ രേഖപ്പെടുത്താൻ അവസരം ഉണ്ട്.

### 10. സോഷ്യൽ ഓഡിറ്റ് നടത്തുന്നതിനുള്ള അവകാശം. (Section 17)

തുടർച്ചയായി സാമൂഹ്യ പരിശോധന നടത്തുവാനും അതില് പങ്കാളി ആകുന്നതിനും ഉള്ള അവകാശം.

### <u>ഫയൽ പരിശോധന</u>

കേന്ദ്ര സർക്കാരിന്റെ നിർദ്ദേശ പ്രകാരം താഴെ പറയുന്ന 7 രജിസ്റ്ററുകൾ നിർബന്ധമായും ഗ്രാമ പഞ്ചായത്തിൽ സൂക്ഷിക്കേണ്ടവയാണ്.

1. ജോബ് കാർഡ് രജിസ്റ്റർ
2. ഗ്രാമസഭ രജിസ്റ്റർ
3. ഡിമാൻഡ് /അലോക്കേഷൻ & വേതന രജിസ്റ്റർ
4. വർക്ക് രജിസ്റ്റർ
5. ഫിക്സ്ഡ് അസെറ്റ് രജിസ്റ്റർ
6. പരാതി രജിസ്റ്റർ
7. മെറ്റിരിയല് രജിസ്റ്റർ

### <u>പ്രവൃത്തി ഫയലിലെ 22 രേഖകൾ</u>

കേന്ദ്ര സർക്കാറിന്റെ നിർദ്ദേശ പ്രകാരം ഒരു പ്രവൃത്തി ഫയലിൽ താഴെ പറയുന്ന 22 രേഖകൾ നിർബന്ധമായും ഉണ്ടാകേണ്ടതാണ്.

1. കവര് പേജ്
2. ചെക്ക് ലിസ്റ്റ്
3. `ആക്ഷന് പ്ലാന്/ ഷെല്ഫ് ഓഫ് വര്ക്ക് എന്നിവയുടെ അംഗീകരിച്ച കോപ്പി
4. സാങ്കേതിക എസ്റ്റിമേറ്റും ഡിസൈനും
5. ഭരണനുമാതിയുടെയും സാമ്പത്തിക അനുമതിയുടെയും കോപ്പി.
6. സാങ്കേതിക അനുമതിയുടെ കോപ്പി
7. കണ്‍വേര്ജെന്സ് വിശദാംശങ്ങൾ

8. തൊഴിലാളികൾ തൊഴിൽ ആവിശ്യപ്പെട്ടുകൊണ്ടുള്ള അപേക്ഷ
9. തൊഴിൽ അനുവദിച്ചുകൊണ്ടുള്ള നോട്ടീസ്സ്റെ കോപ്പി.
10. പൂരിപ്പിച്ച മസ്റ്റർ റോളിന്റെ കോപ്പി.
11. മെഷർമെന്റ് ബുക്കിന്റെ കോപ്പി.
12. സാധനങ്ങള് വാങ്ങുന്നതിനുള്ള കൊട്ടേഷന് ക്ഷണിച്ചതിന്റെയും കംപാരിറ്റിവ് സ്റ്റേറ്റ്മെന്റ് ന്റെയും മെറ്റിരിയല് സപ്ലൈ ഓർഡർ ന്റെയും കോപ്പി.
13. വേജ് ലിസ്റ്റ്
14. വേതനത്തിന്റെയും സാധനങ്ങള്ക്ക് പണം അടച്ചതിന്റെയും F T O യുടെയും കോപ്പി.
15. മെറ്റിരിയല് വൌച്ചർ ന്റെയും ബില്ലുകളുടെയും കോപ്പി.
16. റോയല്ടി അടച്ചതിന്റെ രസീതിന്റെ കോപ്പി.
17. 3 ഘട്ടങ്ങളായുള്ള തൊഴിലിന്റെ ഫോട്ടോകള്.
18. പൂർത്തികരിച്ച സർട്ടിഫിക്കറ്റ് ന്റെ കോപ്പി.
19. മസ്റ്റര് റോള് മൂവ്മെന്റ് സ്ലിപ്.
20. ആസ്തിയുടെ ജിഒ ടാഗ് ഫോട്ടോകള്.
21. സോഷ്യല് ഓഡിറ്റ് റിപ്പോർട്ട് കോപ്പി.
22. സൈറ്റ് ഡയറി.

പരിശോധിച്ച 6 പ്രവൃത്തികളുടെ ഫയലിൽ എഫ് ടി ഒ, മെറ്റീരിയൽ വൗച്ചർ /ബില്ല്, പൂർത്തീകരിച്ച സർട്ടിഫിക്കറ്റ്, ഫോട്ടോസ്, മസ്റ്റർ റോൾ മൂവമെന്റ് സ്ലിപ്, സോഷ്യൽ ഓഡിറ്റ് റിപ്പോർട്ട് കോപ്പി, സൈറ്റ് ഡയറി എന്നിവ ഉണ്ടായിരുന്നില്ല.

## CIB- സിറ്റിസൺ ഇൻഫർമേഷൻ ബോർഡ്

തൊഴിലുറപ്പ് പദ്ധതിയുടെ സുതാര്യത ഉറപ്പാക്കുന്നതിനു വേണ്ടിയുള്ള ഒരു ഉപാധിയാണ് സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് para 25(a), schedule 1 അനുസരിച്ച് ഒരു പ്രവൃത്തിയുടെ അടിസ്ഥാന വിവരങ്ങള് അതായത് എസ്റ്റിമേറ്റ് തുക , സാധന വേതന ഘടകങ്ങൾ ,യഥാർത്ഥ ചെലവ് , തൊഴിൽ ദിനങ്ങൾ തുടങ്ങിയ വിവരങ്ങൾ സാധാരണ ജനങ്ങൾക്കും ഗുണഭോക്തക്കള്ക്കും മനസ്സിലാകുന്ന രീതിയിൽ പ്രദർശിപ്പിക്കേണ്ടത് അനിവാര്യമാണ്. ഈ ബോർഡ് സ്ഥാപിക്കേണ്ടത് ഓരോ പ്രവൃത്തിയുടെയും
ആരംഭഘട്ടത്തിൽ ആണ്. ഓരോ പ്രവൃത്തിക്കും അനുസൃതമായി നിഷ്കർഷിച്ചിട്ടുള്ള അളവുകളിൽ ഉള്ള ബോർഡുകള് ഉപയോഗിച്ച് സിമന്റ് ലും കോണ്ക്രീറ്റ് ലും നിർമിച്ച് സ്ഥാപിക്കണമെന്ന് നിയമം അനുശാസിക്കുന്നുണ്ട്. ഇരുമ്പ്, ടിന്, ഫ്ലക്സ് , ഷീറ്റുകള് തുടങ്ങിയവ ഉപയോഗിച്ചിട്ടുള്ള ബോർഡുകള് സ്ഥാപിക്കുന്നത് നിയമ വിരുദ്ധമാണ്. വ്യക്തിഗത പ്രവർത്തികള്ക്ക് 3000 രൂപയും പൊതു പ്രവർത്തികള്ക്ക് 5000 രൂപയും ആണ് പരമാവധി നിർമാണ ചെലവ് എന്നാണ് ആനുവല് മാസ്റ്റര് സർകുലര് നിഷ്കർഷിക്കുനത്. C I B അടങ്ങുന്ന ഒരു ഫോട്ടോ പ്രവർത്തി ഫയല് ഇല് ഉള്പ്പെടുത്തണം എന്നത് നിർബന്ധമാണ്.

## റോസ്ഗാർദിനം

തൊഴിൽ ആവശ്യകത കൃത്യമായി രജിസ്റ്റർ ചെയ്യുന്നതിനും തൊഴിലാളികളുടെ അർഹതകളും

അവകാശങ്ങളും അവരെ ബോധ്യപ്പെടുത്തുന്നതിനും പദ്ധതികൾ പരിഹരിക്കുന്നതിനുമായി റോസ്ഗാർ ദിനം സംഘടിപ്പിക്കേണ്ടതാണ്. റോസ്ഗാർ ദിനം ആചരിക്കുന്നതിനു മുൻപായി വിവര വിദ്യാഭ്യാസ വ്യാപനപ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നുണ്ട് എന്ന് ജില്ലാ പ്രോഗ്രാം കോഡിനേറ്റർ ഉറപ്പുവരുത്തേണ്ടതാണ്. റോസ്ഗാർ കലണ്ടർ സംബന്ധിച്ച് ഗ്രാമപഞ്ചായത്തുകളെ പ്രത്യേകമായി ബോധവൽക്കരിക്കേണ്ടതാണ്.

റോസ്ഗർദിനം സംഘടിപ്പിക്കുന്നതിന്റെ ചുമതലകളും ഉത്തരവാദിത്വങ്ങളും സംസ്ഥാന സർക്കാർ ജില്ലാ പ്രോഗ്രാം കോഡിനേറ്റർ രൂപീകരിച്ചിട്ടുള്ള പ്രതിമാസ പട്ടിക അനുസരിച്ച് തന്നെ റോസ്ഗാർ ദിനം സംഘടിപ്പിക്കുന്നു എന്ന് ജില്ലാ പ്രോഗ്രാം കോർഡിനേറ്റർ ഉറപ്പുവരുത്തേണ്ടതാണ്. ഈ പട്ടിക ഗ്രാമവികസന മന്ത്രാലയവുമായും പൊതുജനങ്ങളുമായും പങ്കുവെക്കേണ്ടതും ഒരു മാസത്തിലൊരിക്കൽ ഗ്രാമ പഞ്ചായത്ത് തലത്തിൽ സംഘടിപ്പിക്കേണ്ടതാണ്. ഗ്രാമപഞ്ചായത്ത് പ്രസിഡൻറ് നിയോഗിക്കപ്പെട്ട ഗ്രാമപഞ്ചായത്തിലെ ഭാരവാഹി ദിനാചരണത്തിൽ അധ്യക്ഷത വഹിക്കേണ്ടതാണ്. ഇത് നടത്തുന്നതിനും നടപടിക്രമങ്ങൾ രേഖപ്പെടുത്തുന്നതിനുള്ള സ്വയംസഹായ സംഘങ്ങളുടെ ഫെഡറേഷൻ അംഗങ്ങൾ എന്നിവർക്കാണ്. റോസ്ഗാർദിനം ആചരിക്കുന്നത്നിശ്ചയിക്കപ്പെട്ടിട്ടുള്ള ദിവസം നടത്തുന്നതിനായി ഉദ്യോഗസ്ഥരെ നിയോഗിക്കേണ്ട താണ്. ഈ യോഗത്തിൽ മിനിറ്റ്സ് പൊതുജനങ്ങൾക്ക് പരിശോധിക്കുന്നതിനും സോഷ്യൽ ഓഡിറ്റിനും ലഭ്യമാക്കേണ്ടതുണ്ട്. സംസ്ഥാന സർക്കാർ ദിനം സംഘടിപ്പിക്കുന്നത് സംബന്ധിച്ച റിപ്പോർട്ടുകൾ ശേഖരിക്കുന്നതാണ്. സംസ്ഥാന സർക്കാർ തൊഴിൽ ആവശ്യകത സംബന്ധിച്ച് ജില്ലാതല റിപ്പോർട്ടുകൾ പതിവായി അവലോകനം ചെയ്യേണ്ടതാണ്.

## പ്രവർത്തികളുടെ പരിശോധന വിവരണം

## <u>ഭൂവികസന പ്രവൃത്തികൾ</u>

1. **വാർഡ് 5 ലെ ഷാരിയേക്കൽ ദുർബലജനവിഭാഗങ്ങളുടെ ഭൂമിയിൽ സമഗ്രഭൂവികസനം 1607013006/LD/231849**
   - പ്രവർത്തി ആരംഭിച്ച തീയതി 25/1/19
   - പ്രവർത്തി അവസാനിച്ച തീയതി- 14/3/19
   - എസ്റ്റിമേറ്റ് പ്രകാരമുള്ള തൊഴിൽ ദിനങ്ങൾ -693
   - എസ്റ്റിമേറ്റ് തുക 200000/-
   - എസ്റ്റിമാറ്റ് പ്രകാരം ചെയ്യേണ്ടതായിട്ടുള്ള പ്രവൃത്തികൾ : കുറ്റിച്ചെടികൾ നീക്കം ചെയ്യൽ, ,മണ്ണ് കിളച്ചു മറിക്കൽ,മഴക്കുഴി,വേസ്റ്റ് പിറ്റ്,കണ്ണി കോരൽ,തെങ്ങിൻ കുഴി,തെങ്ങിൻ തടമെടുക്കൽ,ജൈവ വേലി എന്നിവയാണ് .
   - എം ബുക്ക് പ്രകാരം ചെയ്ത പ്രവൃത്തികൾ : ഭൂവികസന പ്രവൃത്തികൾ
   - ഭൂവികസന പ്രവർത്തികൾ എവിടെയൊക്കെയാണ് നടന്നിട്ടുള്ളത് എന്ന വിവരങ്ങൾ ഫയലിൽ ലഭ്യമല്ലാത്തതിനാൽ പരിശോധിച്ച 4 ഭൂ വികസന പ്രവൃത്തികളും ഒരുമിച്ചാണ് കാണാനായി കഴിഞ്ഞത്.

- ഈ പ്രവൃത്തിയിൽ 7 മസ്റ്റർ റോളുകളിലായി 754 അവിദഗ്ദ്ധ തൊഴിൽ ദിനങ്ങൾ ആണ് ഉള്ളത്
- എം ബുക്ക് പ്രകാരം 175260 രൂപ ഈ പ്രവൃത്തിക്കായി ചിലവഴിച്ചിരിക്കുന്നു.
- സിഐ ബോർഡ് സൈറ്റിൽ കാണാൻ സാധിച്ചു

**2. ഷാരിയേക്കൽ ദുർബലജനവിഭാഗങ്ങളുടെ ഭൂമിയിൽ സമഗ്രഭൂവികസനം ഘട്ടം2 1607013006/LD/231847**

- പ്രവർത്തി ആരംഭിച്ച തിയതി- 27/06/18
- പ്രവർത്തി അവസാനിച്ച തിയതി- പൂർത്തീകരിച്ചിട്ടില്ല .
- എസ്റ്റിമേറ്റ് പ്രകാരമുള്ള തൊഴിൽ ദിനങ്ങൾ - 688
- എസ്റ്റിമേറ്റ് തുക – 200000
- എം ബുക്ക് പ്രകാരം 8 മസ്റ്റർ റോൾ ആയി 482 തൊഴിൽ ദിനങ്ങൾ സൃഷ്ടികുകയും133032 രൂപ ചിലവഴിച്ചതായും കണ്ടു
- എസ്റ്റിമാറ്റ് പ്രകാരം ചെയ്യേണ്ട പ്രവൃത്തികൾ : കുറ്റിച്ചെടികൾ നീക്കം ചെയ്യൽ, ,മണ്ണ് കിളച്ചു മറിക്കൽ,മഴക്കുഴി,വേസ്റ്റ് പിറ്റ്,കണ്ണി കോരൽ,തെങ്ങിൻ കുഴി,തെങ്ങിൻ തടമെടുക്കൽ,ജൈവ വേലി എന്നിവയാണ്
- എം ബുക്ക് പ്രകാരം മണ്ണ് കിളച്ചു മറിക്കൽ,മഴക്കുഴി ,വേസ്റ്റ് കുഴി , കണ്ണി കോരൽ, തെങ്ങിൻ തടമെടുക്കൽ എന്നിവയാണ്
- വേസ്റ്റ് കുഴി , വാഴക്കുഴി എന്നിവ കാണാൻ കഴിഞ്ഞു
- സിഐ ബോർഡ് സൈറ്റിൽ കാണാൻ സാധിച്ചില്ല. ഇതിനായി തുക ചിലവഴിച്ചതായി MIS ലോ M.BOOK ലോ കാണുന്നില്ല.

**3. ഷാരിയേക്കൽ ദുർബലജനവിഭാഗങ്ങളുടെ ഭൂമിയിൽ സമഗ്രഭൂവികസനം 16013006/LD/231843**

- പ്രവർത്തി ആരംഭിച്ച തിയതി- 30/10/18
- പ്രവർത്തി അവസാനിച്ച തിയതി-03/12/18
- എസ്റ്റിമേറ്റ് പ്രകാരമുള്ള തൊഴിൽ ദിനങ്ങൾ - 653
- എസ്റ്റിമേറ്റ് തുക –190000
- ഈ പ്രവൃത്തിയിൽ 5 മസ്റ്റർ റോളുകളിലായി 661 അവിദഗ്ദ്ധ തൊഴിൽ ദിനങ്ങൾ ആണ് സൃഷ്ട്ടിക്കപ്പെട്ടിട്ടുള്ളത്
- കുറ്റിച്ചെടികൾ നീക്കം ചെയ്യൽ, ,മണ്ണ് കിളച്ചു മറിക്കൽ,മഴക്കുഴി,വേസ്റ്റ് പിറ്റ്,കണ്ണി കോരൽ,തെങ്ങിൻ കുഴി,തെങ്ങിൻ തടമെടുക്കൽ,ജൈവ വേലി എന്നിവയാണ് എസ്റ്റിമാറ്റിൽ ഉള്ളത് ,ഇതിൽ എം ബുക്ക് പ്രകാരം ജൈവ വേലി ചെയ്തിട്ടില്ല .ഫീൽഡിൽ മഴക്കുഴി,വേസ്റ്റ് പിറ്റ് കാണാൻ കഴിഞ്ഞു .
- എത്ര സ്ഥലത്ത് പണി നടന്നട്ടുന്ദ് എന്ന വിവരം ഫയലിൽ ലഭ്യമല്ലാത്തതിനാൽ മേറ്റിന്റെ നിർദേശം അനുസരിച്ചാണ് പ്രവൃത്തി സ്ഥലങ്ങൾ പരിശോധിച്ചത്.
- എം ബുക്ക് പ്രകാരം 182436 രൂപ ചിലവഴിച്ചതായും കണ്ടു
- സിഐബി ബോർഡ് സൈറ്റിൽ കാണുവാൻ സാധിച്ചു

**4.ഷാരിയേക്കൽ പ്രദേശത്ത് സമഗ്രഭൂവികസനം 16013006/LD/231848**

- പ്രവർത്തി ആരംഭിച്ച തിയതി-4/12/18
- പ്രവർത്തി  അവസാനിച്ച തിയതി-22/01/19
- എസ്റ്റിമേറ്റ് പ്രകാരമുള്ള തൊഴിൽ ദിനങ്ങൾ - 693
- എസ്റ്റിമേറ്റ് തുക –200000
- ഈ പ്രവൃത്തിയിൽ 7 മസ്റ്റർ റോളുകളിലായി  545 അവിദഗ്ദ്ധ  തൊഴിൽ ദിനങ്ങൾ  ആണ് സൃഷ്ട്ടിക്കപ്പെട്ടിട്ടുള്ളത്
- എസ്റ്റിമാറ്റ് പ്രകാരം ചെയ്യേണ്ടതായിട്ടുള്ള പ്രവൃത്തികൾ :കുറ്റിചെടികൾ നീക്കം ചെയ്യൽ ,മണ്ണ് കിളച്ചു മറിക്കൽ,മഴക്കുഴി,വേസ്റ്റ് പിറ്റ്,കണ്ണി കോരൽ,തെങ്ങിൻ കുഴി,തെങ്ങിൻ തടമെടുക്കൽ,ജൈവ വേലി എന്നിവയാണ് .
- എം ബുക്ക് പ്രകാരം ചെയ്തിട്ടുള്ള പ്രവൃത്തികൾ പുല്ല്,കുറ്റിച്ചെടികൾ,മുൾചെടികൾ,ഇവ വെട്ടി വൃത്തിയാക്കൽ ,മണ്ണ് കിളച്ചു മറിക്കുന്ന പ്രവൃത്തി എന്നിവയാണ് .ഏതൊക്കെ  പ്രവൃത്തികൾ  എവിടെയൊക്കെ  എന്നുള്ള  വിവരങ്ങൾ  ഫയലിൽ ഇല്ലാത്തതിനാൽ  ഈ  ഓഡിറ്റ്  പീരിയഡിൽ  ഉള്ള  ഭൂവികസന  പ്രവൃത്തികൾ  4ഉം ഒരുമിച്ചാണ്  പരിശോധിക്കാൻ  കഴിഞ്ഞത്.

സിഐ  ബോർഡ്   സൈറ്റിൽ  കാണാൻ   സാധിച്ചു .

**5.ഷാരിയേക്കൽ പ്രദേശത്തെ  സാമൂഹ്യ വനവൽകരണം 1607013006/DP/271005**

- പ്രവർത്തി ആരംഭിച്ച തിയതി – 14/09/18
- പ്രവർത്തി അവസാനിച്ച തീയതി – 19/8/19
- എസ്റ്റിമേറ്റ് തുക 480000
- എസ്റ്റിമേറ്റ് പ്രകാരമുള്ള തൊഴിൽ ദിനങ്ങൾ  1687
- ഈ പ്രവൃത്തിയിൽ 10 മസ്റ്റർ റോളുകളിലായി 801 അവിദഗ്ദ്ധ  തൊഴിൽ ദിനങ്ങൾ  ആണ് സൃഷ്ട്ടിക്കപ്പെട്ടിട്ടുള്ളത്
- എം ബുക്ക് പ്രകാരം1590 തൈകൾ  നട്ടതായി കാണിച്ചിരിക്കുന്നു . ആകെ ചെലവ്  309511 രൂപ.
- ഈ  പ്രവൃത്തിയിൽ   ബണ്ടിന്മേൽ  വെച്ചവ   198 എണ്ണവും  വീടുകളിലും  റോഡരികിലും ആയി  വെച്ചതിൽ  223  എണ്ണവും  കാണാൻ  സാധിച്ചു. ആകെ  എണ്ണിയ   തൈകൾ 421.

. എം ഐ എസ്  പ്രകാരം  സി ഐ ബി  ക്കായി   4000 രൂപ  ചിലവഴിച്ചതായി  കാണുന്നുണ്ട്, എന്നാൽ  പ്രവൃത്തി സ്ഥലത്തു  കാണാൻ  കഴിഞ്ഞില്ല.

**6. ഷാരിയേക്കൽ പ്രദേശത്ത്  വെള്ളപ്പൊക്ക പുനരധിവാസ പ്രവൃത്തികൾ 1607013006/LD/328779**

- പ്രവർത്തി ആരംഭിച്ച തിയതി-23/01/19
- പ്രവർത്തി  അവസാനിച്ച തിയതി-18/02/19
- എസ്റ്റിമേറ്റ് പ്രകാരമുള്ള തൊഴിൽ ദിനങ്ങൾ - 693
- എസ്റ്റിമേറ്റ് തുക –200000
- എം ബുക്ക് പ്രകാരം 452 തൊഴിൽ ദിനങ്ങൾ സൃഷ്ടികുകയും 124752 രൂപ ചിലവഴിച്ചതായും കണ്ടു

- എസ്റ്റിമാറ്റ് പ്രകാരം ചെയ്യേണ്ടതായിട്ടുള്ള പ്രവൃത്തികൾ : കുറ്റിച്ചെടികൾ നീക്കം ചെയ്യൽ, , ,മഴക്കുഴി,, ,തെങ്ങിൻ കുഴി,തെങ്ങിൻ തടമെടുക്കൽ,ജൈവ വേലി എന്നിവയാണ് .
- ചെയ്തതായിട്ടുള്ള പ്രവൃത്തികൾ : ഭൂവികസന പ്രവൃത്തികൾ
- കാണാൻ കഴിഞ്ഞവ :മഴക്കുഴി3, ,വാഴകുഴി-11
- ഈ പ്രവൃത്തിക്ക് ശേഷവും (ഓഗസ്റ്റ് /19) വെള്ളപ്പൊക്കം വന്നതിനാൽ ഫീൽഡിൽ കാര്യമായി ഒന്നും തന്നെ കാണാൻ സാധിച്ചില്ല.
- സിഐബി സൈറ്റിൽ കാണുവാൻ സാധിചു

**7.ഷാരിയേക്കൽ തരിശുഭൂമി കൃഷിയോഗ്യമാക്കൽ 16013006/LD/231851**

- പ്രവർത്തി ആരംഭിച്ച തിയതി-02/10/18
- പ്രവർത്തി അവസാനിച്ച തിയതി-14/10/19
- എസ്റ്റിമേറ്റ് പ്രകാരമുള്ള തൊഴിൽ ദിനങ്ങൾ - 1011
- എസ്റ്റിമേറ്റ് തുക –300000
- ഈ പ്രവൃത്തിയിൽ 23 മസ്റ്റർ റോളുകളിലായി 945 അവിദഗ്ദ്ധ തൊഴിൽ ദിനങ്ങൾ ആണ് സൃഷ്ട്ടിക്കപ്പെട്ടിട്ടുള്ളത്
- എം ബുക്ക് പ്രകാരം 253792 രൂപ ചിലവഴിച്ചതായി കാണിച്ചിരിക്കുന്നു
- എം ഐ എസ് പ്രകാരം ചിലവായ തുക 260830
  7038 രൂപ വ്യത്യാസം കാണുന്നു.
- എസ്റ്റിമാറ്റ് പ്രകാരം ചെയ്യേണ്ടിയിരുന്ന പ്രവൃത്തികൾ : മണ്ണ് കിളക്കൽ ,കുഴിക്കൽ,
- ,വളം മൂടൽ ,ജൈവ വേലി എന്നിവ ആണ്
- എം ബുക്ക് പ്രകാരം ചെയ്ത പ്രവൃത്തികൾ : മണ്ണ് കിളക്കൽ ,കുഴിക്കൽ, ,വളം മൂടൽ എന്നിവയാണ്
- ഈ പ്രവൃത്തി ചെയ്തിരിക്കുന്നത് പാണേങ്ങാടൻ കൊച്ചന്തോണി എന്ന വ്യക്തിയുടെ 1 ഏക്കർ ഭൂമിയിലാണ്.
  വാഴ, കൂർക്ക, ഇഞ്ചി കൊള്ളി എന്നീ കൃഷികൾ കാണാൻ കഴിഞ്ഞു.
- പ്രവൃത്തി സ്ഥലത്തെപരിശോധനയിൽ ഭൂമി കൃഷിയോഗ്യമായി കാണാൻ സാധിച്ചു.
- സിഐബി കാണാൻ സാധിച്ചു.

**കണ്ടെത്തലുകൾ**

- ഷാരിയേക്കൽ പ്രദേശത്ത് സാമൂഹ്യ വനവൽകരണം പ്രവൃത്തിയിൽ 421 വൃക്ഷ തൈകൾ എണ്ണാൻ സാധിച്ചു

- 4 ഭൂവികസന പ്രവൃത്തികളുടെ മഴക്കുഴികൾ ,വാഴക്കുഴികൾ ,തെങ്ങിൻ കുഴികൾ ,വേസ്റ്റ് കുഴികൾ എന്നിവ ഒരുമിച്ചാണ് പരിശോധിക്കാൻ കഴിഞ്ഞത് . വഴക്കുഴി -210, തെങ്ങിൻകുഴി -32, മഴക്കുഴി -14, വേസ്റ്റ് കുഴി -63 കമ്പോസ്റ്റ് കുഴി -4. മറ്റു പ്രവൃത്തികളായ കണ്ണി കോരൽ ,പുല്ല് ചെത്തി വൃത്തിയാക്കൽ ,തെങ്ങിൻ തടമെടുക്കൽ ,മണ്ണ് കിളച്ചു മറിക്കൽ എന്നിവ കാണാൻ സാധിച്ചില്ല.

- ദുർബലജനവിഭാഗങ്ങളുടെ ഭൂമിയിൽ സമഗ്രഭൂവികസനം പ്രവൃത്തിയിൽ നിർമിച്ചിട്ടുള്ള വേസ്റ്റ് കുഴികൾ 37 എണ്ണം നിറഞ്ഞതായും മൂടി കിടക്കുന്നതയും കണ്ടു

- ഭൂവികസന പ്രവൃത്തികളുടെ എസ്റ്റിമാടിലും എമ്ബുക് ലും സെപ്പ്ടിക് പിറ്റ് ഉൾപ്പെടുത്തിയിട്ടില്ല എന്നാൽ , സുഭാഷ് തോളൂർ, :ഇന്ദിര കാരശ്ശേരി എന്നീ വ്യക്തികളുടെ ഭൂമിയിൽ കാണുവാൻ സാധിച്ചു .

- തൊഴിലാളികൾ ഭൂവികസനപ്രവർത്തിയിൽ വീട്ടുടമയുടെ നിർദേശവും ആവശ്യവും അനുസരിച്ചാണ് പ്രവർത്തികൾ ചെയുന്നത്

**നിർദേശങ്ങൾ**

- തൊഴിലാളികൾക്ക് കൈയുറ കാലുറ ലഭ്യമാക്കേണ്ടതുണ്ട്
- തൊഴിൽ സ്ഥലത്തുനിന്നും ഉണ്ടാകുന്ന അപകടങ്ങളുടെ യാത്ര ചെലവ് പോലുള്ള ചെറിയ തുകകൾ മുമ്പത്തെ പോലെ ADS ഫണ്ടിൽ നിന്നും ലഭിച്ചാൽ ഉപകാരപ്രഥമായിരിക്കും.
- ഭൂവികസനം സ്വകാര്യ വ്യക്തികളുടെ ഭൂമിയിൽ ചെയ്യുമ്പോൾ ചെയ്യാനുള്ള പ്രവർത്തികൾ , ചെയ്യരുതാത്ത പ്രവൃത്തികൾ (സെപ്റ്റിക് പിറ്റ് ) എന്നിവ കൃത്യമായി തൊഴിലാളികൾക്കും ഭൂവുടമകൾക്കും പറഞ്ഞു കൊടുക്കേണ്ടതുണ്ട്.
- തൈകളുടെ പരിപാലനം കൂടി പ്രവൃത്തികളിൽ ഉൾപ്പെടുത്തണം. **എന്നാൽ മാത്രമേ** വച്ച തൈകളുടെ ഗുണം ലഭിക്കുകയുള്ളൂ .
- ഓരോ പ്രവൃത്തികളുടെയും സി ഐ ബി വയ്ക്കുന്ന സ്ഥലത്തെക്കുറിച്ച് മേറ്റ് മാർ അറിയുകയും കൃത്യമായി പരിശോധന സമയത്ത് കാണിച്ചു നൽകുകയും വേണം
- ഏതു പ്രവർത്തി എത്ര അളവിൽ എവിടെ ചെയ്തു എന്നുള്ള വിവരങ്ങൾ പ്രവർത്തി ഫയലിൽ ലഭ്യമാകേണ്ടതുണ്ട്.
- സിഐബോർഡ് പ്രവർത്തി ചെയുനതിന്റെ തുടക്കത്തിലോ പ്രവർത്തി ചെയുന്ന സമയത്തോ സ്ഥാപിച്ചാൽ തൊഴില്ലിലളികൾക്ക് സി.ഐ ബോർഡ് ന്റെ സ്ഥാനം മനസിലാക്കാൻ കഴിയും

**തീരുമാനങ്ങൾ**

- തൊഴിലാളികളുടെ ബാങ്ക് പാസ്ബുക്ക് പതിപ്പിച്ചു കിട്ടാത്ത പ്രശ്നം സെക്രട്ടറി മുഖേന ലെറ്റർ നൽകി പരിഹരിക്കാം എന്ന് തീരുമാനിച്ചു.
- ബന്ധപ്പെട്ട രേഖകൾ സഹിതം പഞ്ചായത്തിൽ അപേക്ഷ നൽകിയാൽ തൊഴിൽ സ്ഥലത്ത് സംഭവിക്കുന്ന അപകടങ്ങൾക്കുള്ള സഹായം ലഭിക്കുന്നതാണ്
- കയ്യുറ, കാലുറ എന്നിവ ആവശ്യാനുസരണം നൽകാൻ തീരുമാനിച്ചു
- സാമൂഹ്യ വനവൽക്കരണം പ്രവൃത്തിയുടെ ബോർഡ് നഷ്ടപ്പെട്ടതാണെന്നും, പുതിയ ഒരെണ്ണം വീണ്ടും സ്ഥാപിക്കാനും തീരുമാനിച്ചു
- ഭൂവികസനം പ്രവൃത്തിയുടെ (LD/231848) ബോർഡ് വച്ചിട്ടുണ്ടെന്നും ഓവർസീർ കാണിച്ചു തരും എന്നും തീരുമാനിച്ചു

| Sl. No | Ward No. | Work Name | Work Code | Start Date | End Date | Estimate Amount | Actual Amount | Estimated Mandays | Actual Mandays |
|---|---|---|---|---|---|---|---|---|---|
| 1 | 5 | ഷാരിയേക്കൽ ദുർബല ജനവിഭാഗങ്ങളുടെ ഭൂമിൽ സമഗ്ര ഭൂവികസനം R4 | LD/231849 | 25-01-2019 | 14-03-2019 | 200000 | 175260 | 693 | 754 |
| 2 | 5 | ഷാരിയേക്കൽ പ്രദേശത്ത് സാമുഹ്യ വനവൽക്കരണം | DP/271005 | 14-09-2018 | 19-08-2019 | 480000 | 309511 | 1687 | 801 |
| 3 | 5 | ഷാരിയേക്കൽ ദുർബല ജനവിഭാഗങ്ങളുടെ ഭൂമിൽ സമഗ്ര ഭൂവികസനം | LD/231847 | 12-10-2018 | 13-12-2018 | 200000 | 133032 | 688 | 482 |
| 4 | 5 | ഷാരിയേക്കൽ ദുർബല ജനവിഭാഗങ്ങളുടെ ഭൂമിൽ സമഗ്ര ഭൂവികസനം | LD/231843 | 30-10-2018 | 03-12-2018 | 190000 | 182436 | 653 | 661 |
| 5 | 5 | ഷാരിയേക്കൽ പ്രദേശത്ത് സമഗ്ര ഭൂവികസനം R3 | LD/231848 | 04-12-2018 | 22-01-2019 | 200000 | 158359 | 693 | 545 |
| 6 | 5 | ഷാരിയേക്കൽ വെള്ളപ്പൊക്ക പുനരധിവാസഭൂവികസന പ്രവൃത്തികൾ | LD/328779 | 23-01-2019 | 18-02-2019 | 200000 | 124752 | 693 | 452 |

| Cover Page | Cover Page | Check List | Action Plan | Estimate | Design | TS | AS | Convergence | Demand | Work Allocation | Muster Roll | M book | Material Purchase | Wage List | FTO | Material Voucher Bill | Royalty | 3 phase photograph | Completion | Muster Roll Movement | Geo Tagphoto | Social Adit | Site Diary |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| ഷ രി യഃ ക്ക്ു<br>ദ്യ ര്‍ ഞ്ച<br>ജനവി ഭാ ഗങ്ങ<br>ള്ള ടാ ഭൂ മി ല്‍<br>സമഗ്ര<br>ഭൂ വി കസനം<br>R4 | Y | N | Y | Y | N | Y | Y | N | Y | Y | Y | Y | N | Y | N | N | N | N | Y | N | N | N | N |
| ഷ രി യഃ ക്ക്ു<br>്പദശേത്ത്<br>സാ മൂ ്ഹയ<br>വനവല്‍ ക്കണ<br>ങ്ങ | N | N | N | Y | N | Y | Y | N | Y | N | Y | Y | N | Y | N | N | N | N | N | N | N | N | N |
| ഷ രി യഃ ക്ക്ു<br>ദ്യ ര്‍ ഞ്ച<br>ജനവി ഭാ ഗങ്ങ<br>ള്ള ടാ ഭൂ മി ല്‍<br>സമഗ്ര<br>ഭൂ വി കസനം | N | N | N | Y | N | Y | Y | N | Y | N | Y | Y | N | Y | N | N | N | N | N | N | N | N | N |
| ഷ രി യഃ ക്ക്ു<br>ദ്യ ര്‍ ഞ്ച<br>ജനവി ഭാ ഗങ്ങ<br>ള്ള ടാ ഭൂ മി ല്‍<br>സമഗ്ര<br>ഭൂ വി കസനം | | N | N | Y | N | Y | Y | N | Y | Y | Y | Y | N | Y | N | N | N | N | N | N | N | N | N |
| ഷ രി യഃ ക്ക്ു<br>്പദശേത്ത്<br>സമഗ്ര<br>ഭൂ വി കസനം<br>R3 | Y | Y | Y | Y | N | Y | Y | N | Y | Y | Y | Y | N | Y | N | N | N | N | Y | N | N | N | N |
| ഷ രി യഃ ക്ക്ു<br>വ ള്ള ള്പഷ<br>ക്ക<br>പു നരധി വാ<br>സഭൂ വി കസന<br>്പവൃ ത്തി കള്‍ | Y | Y | Y | Y | N | Y | N | N | Y | Y | Y | Y | N | Y | N | N | N | N | Y | N | N | N | N |